പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8155

17/07/2014-ൽ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനത്തിന് സംവരണതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് 2010 ജനുവരി മുതൽ ഇതുവരെ എത്ര സ്ഥിര നിയമനം നടത്തിയിട്ടുണ്ടെന്ന് തസ്തികതിരിച്ച് വ്യക്തമാക്കാമോ; | എ) | അസിസ്റ്റൻറ് പ്രൊഫസർ - 58<br>എൽ.ഡി.ക്ലാർക്ക് - 95<br>റിക്കോർഡ് അസിസ്റ്റൻറ് - 1<br>പ്യൂൺ - 4<br>**ക്ഷേത്ര ജീവനക്കാർ**<br>ശാന്തി - 255, വാച്ചർ - 98, കഴകം - 51, തളി - 118, പുറംതൂപ്പ് - 3, പാത്രം തേപ്പ് - 3, സാനിട്ടറി വർക്കർ - 4, പഞ്ചവാദ്യം - 11, തകിൽ - 7, നാദസ്വരം - 12, ആനശേവുഖം - 21 |
| ബി) | പ്രസ്തുത നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്ന് തസ്തികതിരിച്ച് വിശദമാക്കാമോ; | ബി) | അസിസ്റ്റൻറ് പ്രൊഫസർ - 4,<br>എൽ.ഡി. ക്ലാർക്ക് - 3<br>ക്ഷേത്ര ജീവനക്കാർ - 13 |
| സി) | ദേവസ്വം ബോർഡ് നിയമനത്തിന് സംവരണതത്വം പാലിക്കാറുണ്ടോ; എങ്കിൽ സംവരണാനുകൂല്യം ശതമാനത്തിൽ വ്യക്തമാക്കാമോ? | സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്ര ജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ (Final Notification No. ROC 5151/96/Est-1, dated 1/3/2006) 13/6/2006 -ലെ കേരള ഗസറ്റിൽ (Gazette No. 24, Vol-5) 466, 467 എന്നീ പേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത WP(C) 17581/06, ശ്രീ. മുരളീധരൻ ഫയൽ ചെയ്ത WP(C) 17814/06 നമ്പർ കേസുകൾ ഒന്നും തീർപ്പായിട്ടില്ല. ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ